**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 284** **04-10-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹികമായും സാമ്പത്തികമായും ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്കുള്ള എ.എ.വൈ. കാർഡിനുള്ള പച്ചരി വിതരണം കാസർകോട് ജില്ലയിൽ മുടങ്ങിയിട്ട് മൂന്ന് വർഷത്തിലധികമായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. എഫ്.സി.ഐ യിൽ നിന്നുള്ള സ്റ്റോക്കിന്റെ ലഭ്യതക്കനുസരിച്ചാണ് പച്ചരി വിതരണം നടത്തുന്നത്. പച്ചരിയുടെയും പുഴുക്കലരിയുടെയും എഫ്.സി.ഐ ഡിപ്പോകളിൽ നിന്നുള്ള സ്റ്റോക്കിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് ഓരോ വിഭാഗത്തിനുമുള്ള ഇനം തിരിച്ചുള്ള അരിയുടെ അളവ് നിശ്ചയിക്കുന്നത്. |
| (ബി) | എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ക്ലോസ് A യുടെ മറുപടി കണ്ടാലും. |
| (സി) | ജില്ലയിൽ എത്ര റേഷൻ കാർഡുകളും ഉപഭോക്താക്കളുമാണുള്ളത്; ഇതിൽ എ.എ.വൈ. വിഭാഗത്തിൽപ്പെട്ട എത്ര കാർഡുകളും ഉപഭോക്താക്കളുമുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് ജില്ലയിൽ ആകെ 328781 കാർഡുകളിലായി 1448239 ഗുണഭോക്താക്കളാണുള്ളത്. 31075 എ.എ.വൈ കാർഡുകളിലായി 129457 ഗുണഭോക്താക്കളുമാണുള്ളത്. |
| (ഡി) | നിലവിൽ മുൻഗണനവിഭാഗമായ പിങ്ക് കാർഡിലെ ഒരംഗത്തിന് ഒരു കിലോഗ്രാം വീതം കൃത്യമായി ലഭിക്കുന്ന പച്ചരി മറ്റുള്ള കാർഡുകൾക്ക് എന്ത് കൊണ്ട് ലഭിക്കുന്നില്ലെന്ന് വ്യക്തമാക്കാമോ; | (ഡി) | എല്ലാ വിഭാഗത്തിനും പച്ചരി ലഭ്യമാകത്തക്ക രീതിയിൽ, വിതരണം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ച് കുത്തരിയാക്കി റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഇ) | നിലവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) നെല്ല് സംഭരിച്ച് കുത്തരിയാക്കി കാസർകോഡ്, വയനാട് എന്നിവ ഒഴികെയുള്ള ജില്ലകളിൽ വിതരണത്തിനായി നൽകുന്നുണ്ട്. |
| (എഫ്) | കാസർകോട് ജില്ലയിൽ നാളിതുവരെ ഒരു റേഷൻ കടയിലും കുത്തരി വിതരണത്തിനെത്തിയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാരമെന്ന നിലയിൽ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എഫ്) | ഉണ്ട്. സി.എം.ആർ അരിയുടെ ലഭ്യത, ആവശ്യകത, ഭക്ഷ്യധാന്യങ്ങളുടെ സമയബന്ധിതമായ വിട്ടെടുപ്പ്, കടത്തുകൂലിയിനത്തിൽ സർക്കാരിന് കൂടുതൽ സാമ്പത്തിക ബാദ്ധ്യത എന്നിവയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ